12/5/22




**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**

**തിരുവനന്തപുരം 695 001**

**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**

**E-mail: sic.ker@nic.in**


## ഹർജി നമ്പർ AP No.489(6)/2021/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.4576/എസ്.ഐ.സി-ജി 5/2021)*

**സന്നിഹിതൻ**

**അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി: 09.05.2022**

| | |
|---|---|
| ശ്രീ. സുഭാഷ് ഇ.കെ.,<br>സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്,<br>കോസ്റ്റൽ പോലീസ് സ്റ്റേഷൻ,<br>ബേക്കൽ കാസറഗോഡ്, സുരഭി സ്റ്റേഷൻ വളപ്പ്,<br>ചയ്യോത്ത്, നീലേശ്വരം, കാസറഗോഡ്, | അപ്പീൽ ഹർജിക്കാരൻ |

**Vs**

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>ജില്ലാ പോലീസ് കാര്യാലയം,<br>കാസറഗോഡ്<br>2. അപ്പീൽ അധികാരി &<br>ജില്ലാ പോലീസ് മേധാവി,<br>കാസറഗോഡ് | എതിർകക്ഷികൾ |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 14.01.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 15.02.2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 22.02.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 16.03.2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 31.03.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 03.04.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05.05.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 06.08.2021 |
| ഹിയറിംഗ് തീയതി | 05.05.2022 |
| ഹിയറിംഗിലെ സാന്നിദ്ധ്യം | |
| ഹർജിക്കാരൻ | ഹാജരായി |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. സുഭാഷ് ഇ.കെ. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ ജി.എസ്.ഇ. സംബന്ധിച്ച വിവരങ്ങൾ ഓഫീസിൽ വന്നു രേഖകൾ പരിശോധിക്കാവുന്നതാണെന്ന് അറിയിച്ചുവെന്നും ആയതിനാൽ ടിയാൻ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും അപ്പീൽ അധികാരി നൽകിയ മറുപടിയിലും ടിയാൻ ആവശ്യപ്പെട്ട ചോദ്യം 1,2 എന്നിവയ്ക്ക് നേരിട്ട് വന്ന് ഫയൽ പരിശോധിക്കാനാണ് അറിയിച്ചതെന്നും കൂടാതെ ടി മറുപടിയിൽ അപ്പീൽ കാലാവധി രേഖപ്പെടുത്തിയില്ലെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 14.01.2021-ൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെപ്പറയും പ്രകാരമാണ്:

i. 01.10.1998 മുതൽ ജി-1141 സുഭാഷ് ഇ.കെ. എന്നയാൾക്ക് കാസർഗോഡ് ജില്ല പോലീസ് മേധാവി എത്ര Good Service Entry (GSE) നൽകിയിട്ടുണ്ടെന്നും ആയതിന്റെ കോപ്പി ലഭ്യമാക്കണമെന്നും

ii. 01.10.1998 തീയതി മുതൽ 31.12.2020 വരെ ജി-1141 സുഭാഷ് ഇ.കെ. ക്ക് നൽകിയ Good Service Entry കൾ എല്ലാം ടിയാളുടെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും ഇല്ല എങ്കിൽ എന്തുകൊണ്ട് രേഖപ്പെടുത്തിയില്ലെന്നും ആയത് സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടത് ആരാണെന്നുമാണ്.

ടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി അറിയിച്ചത്, ഹർജികക്ഷിയുടെ ചോദ്യം 1-ൽ 01.10.1998 മുതൽ ലഭിച്ചിരിക്കുന്ന GSE സംബന്ധിച്ച ജില്ലാ ഉത്തരവുകൾ 1998 മുതലുള്ള DO ബുക്കുകളിൽ നിന്നും ശേഖരിക്കേണ്ടതുണ്ടെന്നും ടി പ്രവൃത്തി ഓഫീസ് പ്രവർത്തനത്തെ ബാധിക്കുമെന്നതിനാൽ സൗകര്യപ്രദമായ സമയത്ത് ടി ഓഫീസിൽ വന്ന്

രേഖകൾ പരിശോധിക്കാവുന്നതാണെന്നും ചോദ്യം 2ന് ചോദ്യം (1) നുള്ള മറുപടി പ്രകാരം ബാധകമല്ലെന്നുമാണ്. ആയതിനാൽ ടിയാൻ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചതായി കാണുന്നു. അപ്പീൽ അധികാരി നൽകിയ മറുപടിയിൽ ഹർജികക്ഷി ആവശ്യപ്പെട്ട വിവരങ്ങൾ ശേഖരിക്കാൻ ഓഫീസിൽ നേരിട്ടു വന്നു പരിശോധിക്കാൻ അറിയിച്ചതായി കാണുന്നു.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 06.08.2021–ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജികക്ഷി ചീഫ് പോലീസ് മെഡലിന് അപേക്ഷ സമർപ്പിക്കുന്നതിനായി ടിയാനു ലഭിച്ച GSE കളും മറ്റു വിവരങ്ങളും ശേഖരിക്കുന്നതിനായി ടിയാന്റെ സർവ്വീസ് ബുക്ക് പരിശോധിച്ചപ്പോൾ GSE ഒന്നും തന്നെ രേഖപ്പെടുത്തിയതായി കാണുന്നില്ലെന്ന് പറയുന്നത് ശരിയല്ലെന്നും സർവ്വീസ് ബുക്കിൽ 7 GSE രേഖപ്പെടുത്തിയതായി കാണുന്നുവെന്നും 01.10.1998 മുതൽ 31.12.2020 വരെ നൽകിയ GSEപകർപ്പുകളാണ് ടിയാൻ ആവശ്യപ്പെട്ടതെന്നും ജില്ലാ ഉത്തരവുകൾ District Order (DO) ബുക്കിൽ നിന്നും ശേഖരിക്കേണ്ടതിനാലാണ് ടിയാനോട് ഓഫീസിൽ വന്നു രേഖകൾ പരിശോധിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ടി ഓഫീസിലെ എസ്.പി.ഐ.ഒ.യും അപ്പീൽ അധികാരിയും അത്തരത്തിൽ മറുപടി നൽകിയതെന്നും ടിയാൻ ആവശ്യപ്പെട്ട രേഖ ടി ഓഫീസിൽ ക്രോഡീകരിച്ചു സൂക്ഷിച്ചിട്ടില്ലെന്നും GSE നൽകുന്ന ഉത്തരവുകളാകുന്ന ജില്ലാ ഉത്തരവുകൾ DO ബുക്കിൽ ഒട്ടിക്കുകയാണ് സാധാരണ ചെയ്തു വരുന്നതെന്നും ജില്ലാ പോലീസ് മേധാവി പുറപ്പെടുവിക്കുന്ന വിവിധ കാര്യങ്ങളെ സംബന്ധിക്കുന്ന വിവധതരം ബുക്കിൽ ഉൾപ്പെടുന്നുവെന്നും ഒരു വർഷം തന്നെ 4 മുതൽ 6 വരെ DO ബുക്ക് വാല്യങ്ങളായി സൂക്ഷിച്ചു വരുന്നുവെന്നും ഇത്രയും പുസ്തകങ്ങൾ പരിശോധിച്ച് ടിയാന് നൽകിയ GSE കണ്ടെത്തേണ്ടതുണ്ടെന്നും ഇത്രയും ബുക്കുകൾ പരിശോധിച്ചു മാത്രമേ ടിയാന് നൽകിയിട്ടില്ലെന്നു പറയുന്ന GSE കണ്ടെത്താൻ സാധിക്കുകയുള്ളുവെന്നും ആയതിനാലാണ് ടിയാനോട് വിവരാവകാശ നിയമം 2005 വകുപ്പ് 4(d) പ്രകാരം

രേഖകൾ പരിശോധിക്കാൻ മറുപടി കൊടുത്തതെന്നും ടിയാൻ ഓഫീസിൽ വന്നു രേഖകൾ പരിശോധിക്കാതെയാണ് വിമർശനങ്ങൾ ഉന്നയിക്കുന്നതെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഒന്നാം എതിർകക്ഷി ഹർജികക്ഷിയ്ക്ക് മറുപടി നൽകിയിരുന്നുവെങ്കിലും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയതായി കാണുന്നില്ല. ഇരുകക്ഷികളും ഹിയറിംഗിൽ പങ്കെടുക്കുകയും മൊഴി നൽകുകയും ഉണ്ടായി. ഹിയറിംഗിൽ പങ്കെടുത്ത ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ നേരിട്ട് ഹാജരാക്കിയ റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 01.10.1998 മുതൽ 31.12.2020 വരെയുള്ള DO ബുക്കുകളിൽ GSE ഉൾപ്പെടെ എല്ലാ ജില്ലാ ഉത്തരവുകളും ഉൾപ്പെടുന്നതിനാൽ ആയത് ബൃഹത്തായ ഒരു രേഖയാണെന്നും ഒരു വർഷം തന്നെ 4 മുതൽ 6 വരെ DO ബുക്കുകൾ ഉണ്ടാകാവുന്നതാണെന്നും ആയതിനാലാണ് ആയതിന്റെ കോപ്പി ഹർജികക്ഷിക്ക് നൽകാൻ സാധിക്കാത്തതെന്നും ടിയാന് ഓഫീസിൽ വന്നു രേഖകൾ പരിശോധിക്കാൻ മറുപടി കൊടുത്തിട്ടുളളതാണെന്നും ഹർജിക്കാരൻ കാസർഗോഡ് പോലീസ് ഹെഡ്ക്വാർട്ടറിൽ തന്നെ ജോലി ചെയ്തു വരുന്നതും എന്നാൽ നാളിതുവരെയായി ഇതിനായി ഓഫീസിൽ വന്ന് രേഖകൾ പരിശോധിക്കുകയോ ആവശ്യപ്പെടുകയോ ചെയ്തിട്ടില്ലെന്നുമാണ്. രണ്ടാം എതിർകക്ഷി ഹർജികക്ഷിക്കു നൽകിയ മറുപടിയിൽ അപ്പീൽ കാലാവധി രേഖപ്പെടുത്തിയതായി കാണുന്നില്ല. കൂടാതെ State Information Commission എന്നതിനു പകരം State Information officer എന്നു രേഖപ്പെടുത്തിയതായി കാണുന്നു. ആയതിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ വിശദീകരണത്തിൽ വ്യക്തമാക്കുന്നത് മേപ്പടി വീഴ്ച അബദ്ധത്തിൽ എഴുതിപ്പോയതാണെന്നാണ്. വിവരാവകാശ അപേക്ഷകൾ അശ്രദ്ധമായ രീതിയിൽ കൈകാര്യം ചെയ്യാതെ കൂടുതൽ ജാഗ്രതയോടുകൂടി വേണം കൈകാര്യം ചെയ്യേണ്ടത്. മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്നും കമ്മീഷൻ എതിർകക്ഷികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. കൂടാതെ 1998 മുതലുളള DO ബുക്ക് പരിശോധിക്കുന്നതിനും ആവശ്യമായതു ഫോട്ടോ കോപ്പി ലഭ്യമാക്കുകയോ, മൊബൈൽ ഫോൺ വഴി ഫോട്ടോ എടുക്കാൻ

ഹർജികക്ഷിയെ അനുവദിക്കുകയോ ചെയ്യേണ്ടതാണ്. ആയതിലേയ്ക്ക് മെയ് 23, 24, 25, 26 എന്നീ തീയതികളിൽ രാവിലെ 10 നും വൈകുന്നേരം 5 നും ഇടയിൽ ഉള്ള സമയം ഹർജികക്ഷിയെ സൗജന്യമായി അനുവദിക്കണമെന്നു കമ്മീഷൻ ഉത്തരവാകുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2022, മെയ് 09–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp

RIGHT TO INFORMATION